സെൻറർ ഫോർ എർത്ത് സയൻസ്

834. [1270] ശ്രീ. പി. ശങ്കർ:

,, എം. കെ. കേശവൻ

,, സി. എ. കുര്യൻ

,, വി. കെ. രാജൻ

,, എ. എൻ. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്ന സ്വയംഭരണാധികാര സ്ഥാപനമുണ്ടാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ്, ആരൊക്കെയാണ് ഡയറക്ടർമാർ;

(സി) ഇതിൽ നിയമിച്ച ഉദ്യോഗസ്ഥൻമാർ ഉണ്ടോ; ഉണ്ടെങ്കിൽ ആരാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) 1979 മേയ് മാസത്തിലാണ് ഇത് സ്ഥാപിതമായത്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ ഡയറക്ടർ ജനറലായിരുന്ന പ്രൊഫസർ സി. കരുണാകരനാണ് ഇതിന്റെ ഡയറക്ടർ.

(സി) പ്രൊഫസർ കരുണാകരൻ അല്ലാതെ നിയമിച്ച ഉദ്യോഗസ്ഥൻമാരൊന്നും ഈ സ്ഥാപനത്തിലില്ല.

നക്സൽ തടവുകാർ

835. [1271] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോഴും എത്ര നക്സൽ തടവുകാർ ഉണ്ട്;

(ബി) അവരെ മോചിപ്പിക്കുന്നതിനുള്ള പശ്ചിമ ബംഗാൾ മന്ത്രി ശ്രീ. ഭക്തിഭൂഷൺ മണ്ഡലിന്റെ അഭിപ്രായം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്റ്റേറ്റിന്റെ അഭിപ്രായമെന്താണ്;

(ഡി) നക്സലിസം കേരളത്തിൽ കൂടി വരുന്നതായി ഗവൺമെൻറിന് അഭിപ്രായമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ മുൻ കരുതൽ നടപടികൾ എടുക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 48.

(ശിക്ഷിക്കപ്പെട്ടവർ 33,

വിചാരണയിൽ ഇരിക്കുന്നവർ 15)

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) നക്സലൈറ്റു തീവ്രവാദികളുടെ പ്രവർത്തനം താരതമ്യേന വർദ്ധിച്ചു വരുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ഇ) ഉണ്ട്.

പോലീസുകാരുടെ ക്ഷേമ പ്രവർത്തന പദ്ധതികൾ

836. [1272] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാർക്ക് നടപ്പിലാക്കുവാൻ പോകുന്ന ക്ഷേമ പ്രവർത്തന പദ്ധതികളുടെ വിശദ വിവരങ്ങൾ പറയാമോ;

(ബി) ഇക്കാര്യത്തിനു കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നുണ്ടോ?

ഉത്തരം

(എ) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി വരികയാണ്.

(ബി) ഉണ്ട്.

തടവുകാരോടുള്ള പെരുമാറ്റം—മനുഷ്യത്വ രഹിതമായി ഉദ്യോഗസ്ഥൻമാർ പെരുമാറുന്നതായി പരാതി

837. [1273] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല ജയിലുകളിലും തടവുകാരോട് മനുഷ്യത്വ രഹിതമായി ജയിലിലെ ഉദ്യോഗസ്ഥൻമാർ പെരുമാറുന്നതായി പരാതി ഉണ്ടായിട്ടുണ്ടോ;

(ബി) ഗവൺമെൻറ് നിശ്ചയിച്ച അളവിലുള്ള ഭക്ഷണംപോലും ഇവർക്ക് നിഷേധിക്കുന്നതായി പറയപ്പെടുന്നത് ശരിയാണോ;

(സി) ജയിൽ അഡൈ്വസറി കമ്മിറ്റികൾ ഇപ്പോൾ നിലവിലുണ്ടോ; നിലവിലില്ലെങ്കിൽ ഉടനെ രൂപീകരിക്കുന്നതിന് ശ്രദ്ധിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly